(ഇ) ഉണ്ട്. നേട്ടങ്ങൾ താഴെ പറയുന്നു:

1. ഉപഭോക്താവിന് എളുപ്പത്തിൽ കണക്ഷൻ ലഭിക്കുന്നു.

2. പോസ്റ്റ് വലിച്ച് കണക്ഷൻ നൽകാൻ കഴിയാത്ത സ്ഥലങ്ങളിൽ വൈദ്യുതി എത്തിക്കാൻ കഴിയുന്നു.

3. മെയിന്റനൻസ് ചെലവില്ല.

വൈദ്യുതി ബോർഡിന് ആവശ്യമായ നിർമ്മാണ ഘടകങ്ങൾ ഉൽപ്പാദിപ്പിക്കാൻ നടപടി

11 [3355] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉൽപ്പാദനത്തിനും വിതരണത്തിനും ആവശ്യമായ പോസ്റ്റ്, കമ്പി, കേബിളുകൾ, ട്രാൻസ്ഫോർമർ ഘടകങ്ങൾ ഇതര ഉപകരണങ്ങൾ എന്നിവ കേരളത്തിൽ യഥാക്രമം എവിടെയെല്ലാം വ്യാവസായികാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) അന്യ സംസ്ഥാനങ്ങളിൽ നിന്നും വിദേശത്തുനിന്നും ഇറക്കുമതി ചെയ്യപ്പെടുന്ന വൈദ്യുതി ബോർഡിനാവശ്യമായ നിർമ്മാണ ഘടകങ്ങൾ കേരളത്തിൽ തന്നെ ഉൽപ്പാദിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ട്രാൻസ്ഫോർമർ:

1. ടെൽക്ക്, അങ്കമാലി.
2. കെൽ, മാമല.
3. യൂണി പവർസിസ്റ്റം, കോട്ടയം.

എനർജി മീറ്റർ:

യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ്, കൊല്ലം.

വെതർ പ്രൂഫ് വയർ:

1. ട്രാക്കോ കേബിൾ കമ്പനി, എറണാകുളം.
2. ബറോഡ ഇൻഡസ്ട്രീസ്, വേളി.

LIBRARY ARCHIVES Kerala Legislative Assembly

കമ്പികൾ:

1. ട്രാക്കോ കേബിൾ കമ്പനി, എറണാകുളം.
2. പവർ ലൈൻ ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം.
3. എലിസബത്ത് കണ്ടക്ടേഴ്സ്, തിരുവനന്തപുരം.
4. ജെസി സ്റ്റീൽസ് ആന്റ് അലൂമിനിയം ഇൻഡസ്ട്രീസ്, തിരുവനന്തപുരം.
5. ട്രാവൻകൂർ കണ്ടക്ടേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം.
6. വിദ്യുത് കേബിൾസ് ആന്റ് കണ്ടക്ടേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം.
7. ആൻജനേയ ഇൻഡസ്ട്രീസ്, തിരുവനന്തപുരം.
8. കാവേരി കണ്ടക്ടേഴ്സ്, തിരുവനന്തപുരം.
9. വേണാട് കണ്ടക്ടേഴ്സ്, തിരുവനന്തപുരം.
10. സ്വാതി കേബിൾ ആന്റ് കണ്ടക്ടേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം.
11. വിജയ കണ്ടക്ടർ ഇൻഡസ്ട്രീസ് തിരുവനന്തപുരം.
12. ശങ്കർ കണ്ടക്ടേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, കൊല്ലം.
13. ശ്യാം കണ്ടക്ടേഴ്സ്, കൊല്ലം.
14. കൊല്ലം ഇൻഡസ്ട്രീസ്, കൊല്ലം.

പോസ്റ്റുകൾ:

1. കല്ലിശ്ശേരി
2. വാകത്താനം
3. കോതമംഗലം
4. തൊടുപുഴ
5. തലോർ
6. ചുള്ളിശ്ശേരി
7. വാളയാർ
8. രാമനാട്ടുകര
9. പിണറായി
10. മങ്ങാട്ട്പറമ്പ്
11. മഞ്ചേശ്വരം.

മറ്റ് അനുബന്ധ ഉപകരണങ്ങൾ ബോർഡിന്റെ പള്ളത്തുള്ള സിവിൽ മെയിന്റനൻസ് ഡിവിഷനിൽ ഫാബ്രിക്കേറ്റ് ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അന്യ സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യപ്പെടുന്ന നിർമ്മാണ ഘടകങ്ങളായ 2 ലൈൻ ക്രോസ് ആം, 4 ലൈൻ ക്രോസ് ആം, സ്റ്റേ റോഡ്, വി-ക്രോസ് ആം, ചാനൽ ക്രോസ് ആം മുതലായവ ഇപ്പോൾ ബോർഡിന്റെ പള്ളത്തുള്ള സിവിൽ മെയിന്റനൻസ് ഡിവിഷനിൽ നിന്നും ഫാബ്രിക്കേറ്റ് ചെയ്ത് ഉപയോഗിക്കുന്നുണ്ട്.

കുടിവെള്ള പദ്ധതികൾക്കുള്ള വൈദ്യുതി ഉപയോഗത്തിന് വ്യാവസായിക നിരക്ക് ഈടാക്കുന്നതിനെതിരെ നടപടി

12 [3356] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതി പ്രകാരം ഗ്രാമങ്ങളിൽ ആരംഭിച്ച കുടിവെള്ള പദ്ധതികൾക്കുള്ള വൈദ്യുതി ഉപയോഗത്തിന് വ്യാവസായിക ആവശ്യത്തിനുള്ള നിരക്ക് ഈടാക്കുന്നതുകൊണ്ട് പല കുടിവെള്ള പദ്ധതികളുടേയും വൈദ്യുതി ചാർജ്ജ് കൃത്യമായി അടയ്ക്കാൻ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗുണഭോക്തൃ കമ്പനികൾ നേരിട്ട് നടത്തുന്ന ഇത്തരം പദ്ധതികൾക്ക് ഗാർഹിക ആവശ്യത്തിനുള്ള വൈദ്യുതി നിരക്കാക്കി മാറ്റാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജലധാര, ജലനിധി, സ്വജലധാര തുടങ്ങിയ പദ്ധതികൾക്കും ജലവിതരണ സൊസൈറ്റികളുടെ കീഴിൽ വരുന്ന സമാന പദ്ധതികൾക്കും എൽറ്റി 1 (എ) പ്രകാരമുള്ള ഗാർഹിക താരിഫ് അനുവദിക്കണമെന്ന സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റെ നിർദ്ദേശം വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഒരു മാസത്തെ ആകെ ഉപഭോഗത്തെ ഗുണഭോക്താക്കളുടെ എണ്ണം കൊണ്ട് ഭാഗിച്ചാണ് ഓരോ ഗുണഭോക്താക്കളിൽ നിന്നും വസൂലാക്കേണ്ട നിരക്ക് തീരുമാനിക്കുന്നത്. ഈ തുകയെ ഗുണഭോക്താക്കളുടെ എണ്ണം കൊണ്ട് ഗുണിച്ച് ആ മാസത്തെ വൈദ്യുതി ബിൽ കണക്കാക്കും.

LIBRARY ARCHIVES Kerala Legislative Assembly